പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 318 | 28/11/2018 ൽ മറുപടി<br>നല്കേണ്ടത്. |

## കുപ്പിവെള്ളത്തിലെ ബാക്ടീരിയ

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.എസ്.ശബരീനാഥൻ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ ശിശുവികസനവും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കുന്ന കുപ്പി വെള്ളത്തിൽ മാരകമായ അളവിൽ ബാക്ടീരിയകൾ ഉള്ളതായി ഭക്ഷ്യസുരക്ഷാ വകുപ്പ് നടത്തിയ പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ; | എ) | സംസ്ഥാനത്ത് വിൽക്കുന്ന വിവിധ ബ്രാൻഡുകളിൽപ്പെട്ട കുപ്പിവെള്ളം പരിശോധിച്ചതിൽ 5 എണ്ണത്തിൽ ബാക്ടീരിയയുടെ സാന്നിധ്യം കണ്ടെത്തിയിട്ടുണ്ട്. |
| ബി) | ഏതെല്ലാം കമ്പനികളുടെ കുപ്പിവെള്ളത്തിലാണ് ഇപ്രകാരം ബാക്ടീരിയകൾ കണ്ടെത്തിയിട്ടുള്ളത്; പ്രസ്തുത കമ്പനികൾക്കെതിരെ എന്തെല്ലാം ശിക്ഷാനടപടികൾ സ്വീകരിച്ചു; | ബി) | **<u>ബാക്ടീരിയ കണ്ടെത്തിയ ബ്രാൻഡുകൾ</u>**<br>1. ബ്ലൂ ഐറിസ് പാക്കേജ്ഡ് ഡ്രിങ്കിങ് വാട്ടർ, ബ്ലൂ ഇൻഡസ്ട്രീസ്, മുടപ്പുഴ പി.ഒ., പെരുമ്പാവൂർ<br>2. ഇവോ, സ്കൈവാലി ഇന്റർനാഷണൽ, കോലത്തറ പി.ഒ., ചെറുവണ്ണൂർ, കോഴിക്കോട്<br>3. വാൻഡഫിൻ പാക്കേജ്ഡ് ഡ്രിങ്കിങ് വാട്ടർ, സലോമിന അക്വ, ചെങ്ങറ, ഇരുവെട്ടി, മലപ്പുറം<br>4. ഹിമാലയം കോൾഡ് വാട്ടർ, വി.റ്റി. കോപ്ലക്സ്, ചെറുമുക്ക്, തിരൂരങ്ങാടി, മലപ്പുറം<br>5. അക്വാ ക്യൂബ്, രമ്യാനാഥ് അക്വാ ബോട്ടിലിങ്, പട.തെക്ക് പി.ഒ., കരുനാഗപ്പള്ളി.<br>പ്രസ്തുത കമ്പനികൾക്കെതിരെ ക്രിമിനൽ പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന കുപ്പിവെള്ള കമ്പനികളുടെ പേരുവിവരം ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ വെബ്സൈറ്റിലും പത്രങ്ങ ളിലുംപ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | സി) | ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ 29.05.2018 തീയതിയിലെ ഇ1-4578/2018/സി.എഫ്.എസ്. നമ്പർ ഉത്തരവ് പ്രകാരം ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്ത ബ്രാൻഡുകൾ മാർക്കറ്റിൽ നിന്നും പിൻവലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എല്ലാ ജില്ലാ ഭക്ഷ്യ സുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും നിർദ്ദേശം നൽകി നടപ്പിൽ വരുത്തിയിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുന്ന ബ്രാൻഡുകളുടെ ബാച്ചുകൾ വിപണിയിൽ നിന്നും പിൻവലിക്കുന്നതിന് ഫുഡ് ബിസിനസ് ഓപ്പറേറ്റർമാർക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത വിവരം പത്രമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അതാത് ജില്ലാ ഭക്ഷ്യസുരക്ഷാ അസിസ്റ്റന്റ് കമ്മീഷണർമാർ സ്വീകരിക്കുന്നുമുണ്ട്. ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമവും അനുബന്ധ ചട്ടങ്ങളും അനുസരിച്ച് പൊതുജനങ്ങളെ നിരന്തരം കബളിപ്പിക്കുകയും ഭക്ഷ്യസുരക്ഷാ മാനദണ്ഡങ്ങൾ നിരന്തരം ലംഘിക്കുകയും ചെയ്യുന്ന സ്ഥാപനങ്ങളുടെ ഉൽപന്നങ്ങൾ നിരോധിക്കുന്ന അവസരങ്ങളിൽ ടി വിവരം പത്രങ്ങൾ വഴിയും ഔദ്യോഗിക വെബ്സൈറ്റിലൂടെയും പ്രസിദ്ധീകരിക്കാറുമുണ്ട്. |

സെക്ഷൻ ഓഫീസർ